**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 884** **29-08-2022 - ൽ മറുപടിയ്ക്ക്**

**എസ് സി, എസ് ടി ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എസ്.സി.,എസ്.ടി ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ 9 സ്ഥാപനങ്ങളിൽ എസ്.സി ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നിട്ടുള്ളതായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലളവുകളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എസ്.സി ഫണ്ട് വിനിയോഗത്തിൽ 3 സ്ഥാപനങ്ങളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏതൊക്കെ പദ്ധതികളിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് കണ്ടെത്തി; വ്യക്തമാക്കാമോ; | (ബി) | ഭൂരഹിത പുനരധിവാസം, ഭവനനിർമ്മാണ ധനസഹായം, കൃഷിഭൂമി ധനസഹായം, ചികിത്സാ ധനസഹായം, പഠനമുറി ധനസഹായം, വിദേശ പഠന ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികളുടെ നടത്തിപ്പിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ താഴെ പരാമർശിക്കുന്ന 9 സ്ഥാപനങ്ങളിൽ 1,66,10,500/ - രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ഇടുക്കി ഇളംദേശം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 2 | കോട്ടയം, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 3 | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ് |
| 4 | പറക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 5 | ആലപ്പുഴ, കഞ്ഞിക്കുഴി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |

| | | | |
|---|---|---|---|
| | | | 6 കൊല്ലം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്<br>7 വർക്കല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്<br>8 അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്<br>9 കൊല്ലം, വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്<br><br>കൂടാതെ തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, കോട്ടയം ജില്ലയിലെ മാടപ്പള്ളി, മൂന്നിലവ് ഗ്രാമപഞ്ചായത്തുകളിൽ 1,37,70,980/- രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പട്ടികജാതി വികസന വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട് നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർ- ക്കെതിരായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ